# കുടുംബാരോഗ്യ കേന്ദ്രം, കടമ്മനിട്ട

## കല്ലേലി ജംഗ്ഷൻ,കടമ്മനിട്ട, പത്തനംതിട്ട, പിൻ:689649

**ഫോൺ : 04735-245613**

**ഇ-മെയിൽ: phckadammanitta@gmail.com**


---

"ഭരണഭാഷ – മാതൃഭാഷ"

**നം. PHC-KMTA0PTA/35/2025-A1** **തീയതി: 17-10-2025**

**പുനഃ ദർഘാസ്/പുനഃ പരസ്യലേലം**

കുടുംബാരോഗ്യ കേന്ദ്രം കടമ്മനിട്ടയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് തടസമായി നിൽക്കുന്ന ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന ലിസ്റ്റിൽ ഉൾപെടുത്തിയിട്ടുള്ള മരങ്ങൾ മുറിച്ചു മാറ്റുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ടി മരങ്ങൾ ദർഘാസ്/ പരസ്യലേലം മുഖേന വിൽപ്പന നടത്താൻ തീരുമാനിച്ചിരിക്കുന്നു.

ടെണ്ടർ ഫോറ വില = 215/- + 18% ജി എ സ് റ്റി

നിരത ദ്രവ്യം-2633/- (മെഡിക്കൽ ഓഫീസർ പി എച്ച് സി കടമ്മനിട്ടയുടെ പേരിൽ ഡി.ഡി ആയി മാത്രമേ സ്വീകരിക്കുകയുള്ളൂ )

രേഖപെടുത്തേണ്ട കുറഞ്ഞ തുക -1,05,309/-( ഒരു ലക്ഷത്തി അയ്യായിരത്തി മുന്നൂറ്റി ഒൻപത് രൂപ)

ദർഘാസ് ഫോറം വിൽപ്പന അവസാനിക്കുന്ന തീയതി-27/10/2025 തിങ്കൾ 02 PM

ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാന തീയതി -28/10/2025 ചൊവ്വ 02 PM

28/10/2025 തിങ്കൾ 02 PM തീയതിയിൽ,കടമ്മനിട്ട കുടുംബാരോഗ്യ കേന്ദ്രത്തിൽ വെച്ച് പരസ്യലേലം നടത്തുകയും ആയതിനു ശേഷം ഹാജറുള്ള ദർഘാസുകളുടെ സാന്നിധ്യത്തിൽ ലഭ്യമായ ദർഘാസുകൾ പരിശോധിക്കുന്നതും ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയ വ്യക്തികൾ /സ്ഥാപനത്തിന്റെ ടെണ്ടർ/ പരസ്യലേലം താത്കാലികമായി സ്ഥിരപ്പെടുത്തുന്നതും ദർഘാസ്/ പരസ്യലേലം സ്ഥിരപ്പെടുത്തിയ വ്യക്തി അപ്പോൾ തന്നെ തുകയുടെ 1/3 തുക ഒടുക്കേണ്ടതാണ്.ജില്ലാ മെഡിക്കൽ ഓഫീസർ പത്തനംതിട്ട -യുടെ അംഗീകാരത്തിന് വിധേയമായി ദർഘാസ്/ പരസ്യലേലം സ്ഥിരപ്പെടുത്തുന്ന മുറയ്ക്ക് ദർഘാസ്/ പരസ്യലേലം അംഗീകരിച്ചതായി അറിയിപ്പ് നൽകുന്നതും അറിയിപ്പ് ലഭിച്ച വ്യക്തി 2/3 ഭാഗം തുക (ജി.എസ്.റ്റി ,എഫ്.ഡി.റ്റി ഉൾപ്പെടെ ) 02 ദിവസത്തിനകം ഈ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്.കൂടാതെ ടെണ്ടർ/ പരസ്യലേലം സ്ഥിരപ്പെടുത്തിയ വ്യക്തി സ്വന്തം ചെലവിൽ 03 ദിവസത്തിനകം ഈ സ്ഥാപന മേധാവിയുമായി 200 രൂപ മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതാണ്.കരാർ ഉറപ്പിച്ച് 10 ദിവസത്തിനകം കരാറുകാരൻ കെട്ടിടങ്ങൾക്ക് കേടുപാട് ഉണ്ടാക്കാതെ സ്വന്തം ചെലവിൽ മരങ്ങൾ മുറിച്ചു മാറ്റി പരിസരം വൃത്തിയാക്കി നൽകേണ്ടതാണ്. സർക്കാരിന്റെ നിലവിലുള്ള എല്ലാ ടെണ്ടർ/ പരസ്യലേല നിയമങ്ങളും ഈ ദർഘാസിലും/പരസ്യലേലത്തിലും ബാധകമായിരിക്കും.

ദർഘാസ്/ പരസ്യലേലം സ്ഥിരപ്പെടുത്തിയ വ്യക്തി ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾ പൂർണ്ണമായി അംഗീകരിക്കേണ്ടതും അതിനനുസരിച്ചു പ്രവർത്തിക്കേണ്ടതുമാണ്. നിബന്ധനകൾ ലംഘിക്കുന്ന പക്ഷം പ്രസ്തുത വ്യക്തിയിൽ നിന്നും നിയമ നടപടികൾ കൂടി വസൂലാക്കുന്നതാണ്.

ടെണ്ടർ/ പരസ്യലേല നടപടികൾ മാറ്റി വെയ്ക്കുന്നതിനോ, റദ്ദ് ചെയ്യുന്നതിനോ മെഡിക്കൽ ഓഫീസർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ എഫ്.എച്ച്.സി-യിൽ നിന്നും ലഭിക്കുന്നതാണ്.ടെണ്ടർ/ പരസ്യലേലം നിശ്ചിയിച്ചിരിക്കുന്ന ദിവസം അവധി ആയാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ടെണ്ടർ തുറക്കുന്നതാണ്.

## നിബന്ധനകൾ

1)28/10/2025 ന് നടക്കുന്ന ദർഘാസിൽ/ പരസ്യലേലത്തിൽ മെഡിക്കൽ ഓഫീസർ ഇൻചാർജ് -ന്റെ സാന്നിധ്യം ഉണ്ടായിരിക്കുന്നതാണ്.

2)എഫ് എച്ച് സി യിലെ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കുന്ന ഒരു പ്രവർത്തിയും ദർഘാസുമായി/ പരസ്യലേലവുമായി ബന്ധപ്പെട്ട ആളുകളുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ല.

3)ദർഘാസ്/പരസ്യലേലം സ്ഥിരപ്പെടുത്തിയ വ്യക്തി മറ്റു വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ കൈമാറ്റം ചെയ്യാനോ നൽകാനോ പാടില്ലാത്തതാണ്.

4) മരം മുറിച്ചു മാറ്റുമ്പോൾ ബന്ധപ്പെട്ട സ്ഥലത്ത് നിൽക്കുന്ന കെട്ടിടങ്ങൾക്കോ മറ്റ് സ്ഥാവര ജംഗമ വസ്തുക്കൾക്കോ നാശനഷ്ടം വരാതെ സൂക്ഷിക്കേണ്ടതാണ്. അത്തരത്തിൽ എന്തെങ്കിലും നാശനഷ്ടം ഉണ്ടാകുന്ന പക്ഷം നിയമാനുസൃത നഷ്ട പരിഹാരം കരാറുകാരിൽ നിന്നും ഈടാക്കുന്നതാണ്.

5)മരം മുറിക്കുമ്പോൾ വൃക്ഷങ്ങളിൽ മുട്ടയോ കുഞ്ഞുങ്ങളോടുകൂടിയ പക്ഷിക്കൂടുകളോ ശ്രദ്ധയിൽ പെട്ടാൽ ടി വിവരം മരം മുറിയ്ക്കുന്നതിന് മുൻപായി വനം വകുപ്പ് അധികൃതരെ അറിയിക്കേണ്ടതാണ്.

6)ദർഘാസ്/പരസ്യലേലം സ്ഥിരപ്പെടുത്തുന്നത് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)പത്തനംതിട്ടയുടെ അംഗീകാരത്തിന് വിധേയമായിട്ടാണ്.

7)ദർഘാസ്/ പരസ്യലേലം ചെയ്ത് ലഭിക്കുന്ന തുകയും ടി തുകയുടെ 18% ജി.എസ്.റ്റി യും തുകയുടെ 5% വന വികസന നികുതി(FDT) പ്രസ്തുത വ്യക്തിയിൽ നിന്നും ഈടാക്കുന്നതാണ്.

8)തുക കുറവ് എന്ന് തോന്നുന്ന പക്ഷം പുനർ ദർഘാസ്/ പരസ്യലേലം നടത്താൻ മെഡിക്കൽ ഓഫീസർക്ക് അധികാരം ഉണ്ടായിരിക്കും.മെഡിക്കൽ ഓഫീസറുടെ തീരുമാനം അന്തിമമായിരിക്കും.

9)ദർഘാസ്/ പരസ്യലേലം സ്ഥിരപ്പെടുത്തിയ വ്യക്തി ദർഘാസ്/ പരസ്യലേലം സ്ഥിരപ്പെടുത്തിയ നോട്ടീസ് കൈപ്പറ്റി 10 ദിവസ്സത്തിനകം മരങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്.

## മുറിച്ചു മാറ്റേണ്ട മരങ്ങൾ

| ക്രമ നമ്പർ | ഇനം | വണ്ണം (സെ മി) | തടിയുടെ അളവ് (എം 3) | വിറക് അളവ് (എം. ടി) |
|---|---|---|---|---|
| 01 | മാവ് | 225 | 2.150 | 1.411 |
| 02 | മാവ് | 250 | 2.503 | 1.818 |
| | | | | |

| | | | | |
|---|---|---|---|---|
| **03(a)** | വാക | **75** | **0.115** | **0.195** |
| **03(b)** | വാക | **80** | **0.115** | **0.195** |
| **04** | വാക | **85** | **0.218** | **0.195** |
| **05** | കുമ്പിൾ | **130** | **0.674** | **0.257** |
| **06** | ലക്ഷ്മി തരു | **75** | തടി ഉപയോഗ്യമല്ല | **0.281** |
| **07** | അക്കേഷ്യ | **180** | **2.686** | **0.654** |

Signed by
Dr Manju M Haneefa
Date: 17-10-2025 15:42:28
ASSISTANT SURGEON

**മെഡിക്കൽ ഓഫീസർ ഇൻ ചാർജ്**

**പകർപ്പ് :**

**1) ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം**
**2) ബഹു. ജില്ലാ കളക്ടർ, പത്തനംതിട്ട**
**3) ബഹു. ജില്ലാ മെഡിക്കൽ ഓഫീസർ, പത്തനംതിട്ട**
**4) ഡയറക്ടർ,P R D, തിരുവനന്തപുരം, ഇൻഫർമേഷൻ ഓഫീസർ ,പത്തനംതിട്ട**
**5) തഹസീൽദാർ, കോഴഞ്ചേരി ,പത്തനംതിട്ട**
**6) നോട്ടീസ് ബോർഡ്, കുടുംബാരോഗ്യ കേന്ദ്രം,കടമ്മനിട്ട**
**7) സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, ഇലന്തൂർ**
**8) സെക്രട്ടറി ,ഗ്രാമപഞ്ചായത്ത്, നാരങ്ങാനം**
**9) വില്ലേജ് ഓഫീസർ, നാരങ്ങാനം**
**10) ജില്ലാ ട്രഷറി ഓഫീസർ, പത്തനംതിട്ട**
**11) കെ എസ് ആർ ടി സി ,ബസ് സ്റ്റാൻഡ്, പത്തനംതിട്ട**
**12) ഫയൽ /കരുതൽ ഫയൽ**